ഉത്തരം

(എ) കെൽട്രോൺ വിവരസാങ്കേതികവിദ്യാ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ വ്യവസായ സ്ഥാപനമാണ്. തിരുവനന്തപുരത്ത് ടെക്നോപാർക്കിലും, കൂടാതെ സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് ഓഫ് ഇൻഡ്യയുടെ കീഴിലുമായി 102 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ പറയുംപ്രകാരമാണ്.

തിരുവനന്തപുരം	-	59
കൊല്ലം	-	1
കൊച്ചി	-	23
കോഴിക്കോട്	-	4
തൃശൂർ	-	3
പാലക്കാട്	-	9
കണ്ണൂർ	-	3
		102

(ബി) സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് ഓഫ് ഇൻഡ്യയുടെ കീഴിൽ (ടെക്നോപാർക്കിലെ സ്ഥാപനങ്ങൾ ഉൾപ്പെടെ) 102 സ്വകാര്യ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ വിദേശ പങ്കാളിത്തത്തോടുകൂടിയ സ്ഥാപനങ്ങൾ 21 എണ്ണം ഉണ്ട്. അവയുടെ പേരുവിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.† തിരുവനന്തപുരം ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

45 (2348) ഇടുക്കി ജില്ലയിൽ സോഫ്റ്റ്വെയർ വികസനത്തിനായി സർക്കാർ നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ ഡിസൈനും വികസനവും ഇ-കോമേഴ്സ് സിസ്റ്റം സൊല്യൂഷനും ആരംഭിക്കുവാൻ സ്വകാര്യ സംരംഭകർ സന്നദ്ധരായാൽ സർക്കാർ എന്തെല്ലാം സഹായം നൽകുമെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശ ഫണ്ടോടുകൂടി പ്രവാസി മലയാളികൾ സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലുള്ള ജനങ്ങളെ സോഫ്റ്റ്വെയർ ഡവലപ്പുമെന്റിലും സോഫ്റ്റ് വെയർ പ്രവർത്തനത്തിലും പരിശീലിപ്പിക്കുവാൻ മുമ്പോട്ട് വന്നാൽ സർക്കാർ എന്തൊക്കെ സഹായസഹകരണങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ സർക്കാരുമായോ കെൽട്രോണുമായോ ടെക്നോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിൽ ഒപ്പിടാൻ പ്രവാസി മലയാളികളായ സംരംഭ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1138/2010.

LIBRARY ARCHIVES Kerala Legislative Assembly

കർ മുമ്പോട്ട് വന്നാൽ സർക്കാർ എന്തൊക്കെ സഹായസഹകരണങ്ങൾ നൽകുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഇൻഫർമേഷൻ ടെക്നോളജി വികസന മേഖലയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുന്നതാണ്. കൂടാതെ മൂലധന നിക്ഷേപ സബ്സിഡിയുടെ കാര്യത്തിൽ 20% പരമാവധി 25 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നതാണ്. കാപ്റ്റീവ് പവർ ജനറേറ്റർ സ്ഥാപിക്കുന്നപക്ഷം അതിന്റെ 50% പരമാവധി 10 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നു. വയനാട് ഇടുക്കി ജില്ലകളിൽ പ്രത്യേക പ്രോൽസാഹനം എന്ന നിലയിൽ ധനസഹായം നൽകാൻ സ്ഥിര നിക്ഷേപ മൂലധനത്തിന്റെ 25% പരമാവധി 25 ലക്ഷം വരെ ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകുന്നതാണെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആവശ്യമായ നടപടി താമസിയാതെ ഉണ്ടാകുന്നതാണ്.

(ബി)&(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

46 (2350) പട്ടികജാതി-പട്ടികവർഗ്ഗക്കാരെ പീഡിപ്പിച്ച കേസുകൾ

ശ്രീ. ജോർജ്. ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗക്കാരോട് ക്രൂരത കാണിക്കുന്നത് തടയുന്നത് സംബന്ധിച്ച നിയമം ലംഘിച്ചതിന് എത്ര കേസ്സുകൾ ഇതുവരെ എടുത്തിട്ടുണ്ട്;

(ബി) എന്തെല്ലാം വിധത്തിലുള്ള നടപടികളാണ് ഈ നിയമത്തിന്റെ പരിധിക്കുള്ളിൽ വരുന്നത്;

(സി) ഈ കാലഘട്ടത്തിൽ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേസ്സൊന്നും എടുത്തിട്ടില്ലാത്തപക്ഷം അതിനുകാരണമെന്ത്?

ഉത്തരം

(എ) 2633 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ വിധത്തിലുള്ള കേസുകൾ ജില്ലാ സെഷൻസ് കോടതിയിലാണ് വിചാരണ ചെയ്യുന്നത്. ജാമ്യവും മറ്റും നൽകുന്നത് ജില്ലാ സെഷൻസ് കോടതിയും ഹൈക്കോടതിയുമാണ്. ഡിവൈ:എസ്.പി. റാങ്കിന് താഴെ അല്ലാത്ത ഉദ്യോഗസ്ഥൻമാരായിരിക്കണം ഇത്തരം കേസ്സുകൾ അന്വേഷിക്കുന്നത്. കൃത്യത്തിന് ഇരയായവർക്ക് സാമ്പത്തിക സഹായവും, ആശ്വാസവും, പുനരധിവാസവും മറ്റും ഈ നിയമത്തിന്റെ പരിധിയിൽവരുന്നു. എസ്. സി/എസ്.ടി(പിഎ) ആക്ട് 1989 നിയമത്തിന്റെ നിർവ്വചനത്തിൽ വരുന്ന എല്ലാ സംഗതികളും ലംഘിക്കുന്നത് ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്.

(സി) ഉത്തരം 'എ'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly